## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *324 | 11.11.2019-ൽ മറുപടിക്ക് |
|---|---|
| പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ ദുരൂഹമരണം | |

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ<br>ശ്രീ. റോജി എം. ജോൺ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വാളയാർ അട്ടപ്പള്ളത്തെ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളുടെ ദുരൂഹമരണം സംബന്ധിച്ച കേസിലെ മൂന്ന് പ്രതികളെയും പോക്സോ കോടതി വെറുതെവിട്ട സാഹചര്യം ഗൗരവമായി പരിഗണിക്കുന്നുണ്ടോ; | (എ) | വാളയാർ അട്ടപ്പള്ളത്തെ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളുടെ ആത്മഹത്യ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ ഉൾപ്പെട്ട പ്രതികളെ വെറുതെവിട്ട സംഭവം ഗൗരവമായി പരിഗണിക്കുന്നുണ്ട്. ബഹു. കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രതികളെ ശിക്ഷയിൽ നിന്നും ഒഴിവാക്കുവാൻ ബോധപൂർവ്വമായ ശ്രമം ഉണ്ടായതായും തെളിവുകൾ കോടതിയിൽ സമർപ്പിക്കുന്നതിൽ പ്രോസിക്യൂഷന്റെ ഭാഗത്ത് നിന്നും വീഴ്ചകൾ ഉണ്ടായതായുമുള്ള ആക്ഷേപം വസ്തുതാപരമാണോ എന്ന് പരിശോധിക്കുമോ; | (ബി) | ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (സി) | പട്ടികവിഭാഗത്തിൽപ്പെട്ട രണ്ട് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ സംഭവത്തിൽ അന്വേഷണത്തിൽ വീഴ്ച വരുത്തുകയും പ്രതികൾക്ക് സംരക്ഷണം ലഭിക്കുന്ന രീതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് | (സി) | വാളയാറിലെ സഹോദരങ്ങളായ രണ്ട് പെൺകുട്ടികളുടെ അസ്വാഭാവിക മരണം സംബന്ധിച്ച് ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. കേസ് അന്വേഷണത്തിന് അന്ന് മേൽനോട്ട |

| | | | |
|---|---|---|---|
| | നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ; | | ച്ചുമതലയുണ്ടായിരുന്ന ഡി.വൈ.എസ്.പിയുടെ വിശദീകരണവും തേടിയിരുന്നു. ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി ഐ.പി. എസിന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്. |
| (ഡി) | കേസിന്റെ അന്വേഷണത്തിൽ ഗുരുതരമായ പാളിച്ചകൾ സംഭവിച്ചുവെന്ന ആക്ഷേപമുള്ളതിനാൽ പ്രസ്തുത കേസ് പുനരന്വേഷിക്കുന്നതിനായി സി.ബി.ഐ.യെ ഏല്പിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് രക്ഷിതാക്കൾ ബഹു. ഹൈക്കോടതിയെ സമീപിക്കുന്നപക്ഷം സർക്കാർ അനുകൂല സമീപനം സ്വീകരിക്കുമെന്ന് രക്ഷിതാക്കൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**